ഒരു പരിചയം വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും ഉണ്ടാകത്തക്കവിധത്തിൽ പാഠപുസ്തകങ്ങളിൽ അതിലേക്കുള്ള പാഠങ്ങൾ എഴുതിച്ചേർക്കണമെന്നുള്ള അഭിപ്രായം സ്വീകാര്യമാണു്. അതു് അതിന്റെ അധികാരികളെ അറിയിക്കുകയും ചെയ്യാം. സഹകരണത്തെപ്പറ്റിയുള്ള ഒരു വലിയ പരിജ്ഞാനം ഉണ്ടാകത്തക്കവിധത്തിൽ ഉള്ള പരിശീലനം ഹൈസ്കൂളുകളിൽ കൊടുക്കണമെന്നാണെങ്കിൽ അതു് സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. അതിലേക്കു കൂടുതൽ വിദ്യാഭ്യാസം കിട്ടിയിട്ടുള്ള ആളുകളെ വേണ്ടിവരും. അതുകൊണ്ടു് എനിക്കു് ഈ പ്രമേയത്തെപ്പറ്റി മറുപടി പറയുമ്പോൾ പറയുവാനുള്ളതു്, കൃഷിയും സഹകരണവും നമ്മുടെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതായ ഒരു വിഷയമാണെന്നുള്ള അഭിപ്രായത്തെ എതിർക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്നും, അതു് എന്റെ ചുമതലയല്ലെന്നുമാണു്. എന്നാൽ എല്ലാ സ്കൂളുകളിലും നിർബ്ബന്ധ വിഷയമാക്കണമെന്നാണെങ്കിൽ അതു് പരിശോധിക്കാതെ പറയുവാൻ തരമില്ല. അതിനെപ്പറ്റി തീരുമാനിക്കുവാൻ സാങ്കേതിക പരിജ്ഞാനമുള്ളവർക്കു് വിട്ടുകൊടുക്കുകയെ നിവൃത്തിയുള്ളൂ. ഇവിടെ ഇന്നലെയും ഇന്നുമായി ബഹുമാനപ്പെട്ട മെമ്പർമാർ ചെയ്തിട്ടുള്ള പ്രസംഗങ്ങളിലെല്ലാം സഹകരണത്തേയും കൃഷിയേയുംപറ്റി പറഞ്ഞിട്ടുള്ള പ്രസ്താവനകൾ വളരെ ഉപകാരപ്രദമായിട്ടുള്ളതാണെന്നു ഞാൻ കണക്കാക്കുന്നു. എന്നാൽ അതിനെ എതിർത്തു സംസാരിച്ചവർപോലും സഹകരണത്തേയും കൃഷിയേയും പറ്റി അപലപിച്ചു പറയുകയുണ്ടായില്ല. അതുകൊണ്ടു് ഇന്നലേയും ഇന്നുമായി ഉണ്ടായ ആ എല്ലാ അഭിപ്രായങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വെക്കാമെന്നു് ഞാൻ ഉറപ്പു പറയുന്നു. ഇപ്പോൾ ഈ പ്രമേയം പാസ്സാക്കി അടുത്ത സ്കൂൾവർഷം മുതൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ കൃഷിയും സഹകരണവും നിർബ്ബന്ധിതമാക്കണമെന്നുള്ള ബുദ്ധിമുട്ടിലേക്കു് ഗവൺമെന്റിനെ വലിച്ചുവെക്കരുതേ എന്നു് ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ ഡപ്യൂട്ടി സ്പീക്കർ: ശ്രീ. വിശ്വനാഥൻ പ്രമേയം പിൻവലിക്കുന്നുണ്ടോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ പ്രസംഗത്തിൽ ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും, ഇതിലെ തത്വം സ്വീകാര്യമാണെന്നും ഗവൺമെന്റു് സമ്മതിച്ചിട്ടുള്ളതായി കാണുന്ന സ്ഥിതിക്കു കഴിയുന്നതും ഈ പദ്ധതി സ്വീകരിച്ചു നടപ്പിൽ വരുത്തുവാൻ കാലതാമസം വരുത്തരുതെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻവലിക്കുന്നു.

The resolution was, by leave, withdrawn

Resolution Re-exempting Coir Manufacturers and Coir dealers from Sales Tax

ശ്രീ. പി. നാണു: സർ, ഞാൻ കൊണ്ടുവരുന്ന പ്രമേയം ഇതാണു്:

"കയർ നേരിട്ടു പിരിച്ചും പിരിപ്പിച്ചും വില്ക്കുന്നവരെ സെയിൽ ടാക്സ് ആക്ടിന്റെ വ്യാപ്തിയിൽനിന്നും ഗവൺമെന്റു് ഒഴിവാക്കേണ്ടതാണെന്നു് ഈ അസംബ്ലി അഭിപ്രായപ്പെടുന്നു."

കയർ ഉല്പാദകരെ സെയിൽസ് ടാക്സ് നിയമത്തിന്റെ വ്യാപ്തിയിൽനിന്നും ഒഴിവാക്കണമെന്നുള്ളതാണു് എന്റെ ഉദ്ദേശം. കയർ വ്യവസായവുമായി നേരിട്ടു പരിചയമില്ലാത്തവർക്കു് ഇതു് പ്രാധാന്യം അർഹിക്കുന്ന ഒരു നിസ്സാര

LIBRARY ARCHIVES Kerala Legislative Assembly

(Sri. P. A. Nanoo)

മല്ലെന്നു് പക്ഷെ തോന്നിയേക്കാം. ഗവണ്മെണ്ടിൽനിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു കണക്കുകൊണ്ടു് ഞാൻ കാണുന്നതു് ഈ തൊഴിലിൽ അതായതു് കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ രാജ്യത്തിലുള്ള ജനങ്ങളുടെ എണ്ണം ൩ ലക്ഷം എന്നാണു്. ഒരു കുടുംബത്തിൽ അഞ്ചോ ആറോ ആളുകൾ എന്നു കണക്കാക്കിയാൽ ഏകദേശം ഒരു ലക്ഷത്തിൽപരം കുടുംബങ്ങൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടു് ജീവിതം നയിച്ചുവരുന്നതായിട്ടാണു് കാണുന്നതു്. എന്റെ നിശ്ചയം നമ്മുടെ രാജ്യത്തിലെ ഒരു ലക്ഷത്തോളം കുടുംബങ്ങളെ സ്പർശിക്കുന്ന ഒന്നാണെന്നു കാണുമ്പോൾ അതു് പ്രാധാന്യമുള്ള ഒന്നാണെന്നു് നിശ്ചയിക്കുന്നതിനു് വിഷമമില്ല. ഗവണ്മെണ്ടിന്റെ നയം ഈ കയർ ഉല്പാദകരെ സംബന്ധിച്ചിടത്തോളം എന്താണെന്നു് ഒന്നു പരിശോധിക്കേണ്ടതാണു്. രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ഈ നിയമസഭയെ അഭിസംബോധനംചെയ്തുകൊണ്ടു് ഗവണ്മെണ്ടിന്റെ നയപ്രഖ്യാപനം ചെയ്തതിൽ ഈ കാര്യത്തെ സംബന്ധിച്ചു് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

"The policy of my Government has always been to encourage the industrialisation of the State. They have constituted a Planning Board to evolve suitable plans in this regard in collaboration with the Planning Commission of the Government of India, and also Cottage Industries Committee to advise on the ways and means of developing cottage industries.....

ഇതിന്റെ മറ്റൊരു ഭാഗത്തു് ഇങ്ങനെ കാണുന്നു.

"In our State the coir industry is the main source of livelihood to a substantial portion of the coastal population. To eliminate middlemen and to assure the labourers employed in this industry a living wage, my Government have sponsored a scheme for the centralisatoin of the industry and for its administration through twenty-three units, each under the control of a Co-operative Society."

ഞാൻ ഇതു് ഇവിടെ ഉദ്ധരിച്ചതു് കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം കഴിവുള്ള എല്ലാ പ്രോത്സാഹനങ്ങളും നൽകുക എന്നുള്ളതാണു് ഈ ഗവണ്മെണ്ടിന്റെ നയമെന്നു് ഈ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതിനെ പ്രത്യേകം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണു്. കയർ വ്യവസായത്തെ സഹായിക്കുന്നതിനുവേണ്ടി കൂടിൽ വ്യവസായമായ ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. കൂടാതെ ഈ തൊഴിലിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഉണ്ടാക്കി ആ സൊസൈറ്റികൾ മുഖേന പ്രവർത്തനം നടത്തി അവരെ സഹായിക്കുന്നതിനു് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. കമ്മിറ്റിയും ഗവണ്മെണ്ടും കഴിവുള്ള എല്ലാ സഹായങ്ങളും ഈ വ്യവസായത്തിനു് നൽകാമെന്നു് നിശ്ചയിക്കുകയും അതിനു ഗവണ്മെണ്ടിൽനിന്നും പണംപോലും ചെലവുചെയ്യാമെന്നു് നിശ്ചയിക്കുകയുംചെയ്തിരിക്കുന്നതു് ഒരു പരമാർത്ഥമാണു്. ഇതു് ഗവർമ്മെണ്ടിന്റെ പ്രഖ്യാപിത നയമാണു്. ഈ നയവും കൂടിൽവ്യവസായങ്ങളും സെയിൽസ് ടാക്സിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന നയവും തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്നുള്ള കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നുള്ളതാണു് എന്റെ പ്രധാനമായ ഉദ്ദേശം. സെയിൽസ് ടാക്സ് എന്നു പറയുന്നതു് കച്ചവടക്കാരനു പതിനായിരം രൂപാ ടേൺ ഓവർ ഉണ്ടെങ്കിൽ അയാൾ കൊടുക്കേണ്ട ഒരു വില്പനനികുതിയാണു്. ഏഴായിരത്തി അഞ്ഞൂറു രൂപയിൽ കൂടുതൽ ടേൺഓവറുള്ള ഒരു കച്ചവടക്കാരൻ അയാളുടെ പേരു് രജിസ്റ്റർചെയ്തിരിക്കണം. രജിസ്റ്റർചെയ്തില്ലെങ്കിൽ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നിർബന്ധിക്കുവാനുള്ള അധികാരം നിയമമനുസരിച്ച് സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെണ്ടിലെ ഉദ്യോഗസ്ഥന്മാർക്കുണ്ട്. അതിൽനിന്നും ഒഴിഞ്ഞുപോകുവാൻ ഈ കടിൽവ്യവസായികൾക്ക് സാദ്ധ്യമല്ല. പേരു് രജിസ്റ്റർചെയ്തതിനുശേഷം അവരുടെ ചുമതല എന്തെല്ലാമാണെന്നാണ് നാം നോക്കേണ്ടതു്. സെയിൽസ് ടാക്സ് നിയമത്തിലെ പതിനാറാം വകുപ്പിൽ ഇങ്ങനെ കാണുന്നു:

Section 16: "Every registered dealer and every person licensed under this Act shall keep and maintain a true and correct account in Malayalam, Tamil, or English showing the goods sold....."

ഇതിലെ പത്താംവകുപ്പിൽ ഇങ്ങനെയും കാണുന്നു:

Section 10 (2): "A dealer who has got himself registered in pursuance of sub-section (1) is entitled to have his registration cancelled, if he is able to establish to the satisfaction of the prescribed authority that his turnover in each of two consecutive years was less than seven thousand five hundred Indian rupees."....

അതുകൊണ്ട് ഇതിൽനിന്ന് കാണാവുന്നതു് രജിസ്റ്റർചെയ്തിരിക്കുന്ന ഒരു കയർ തൊഴിലാളി ഇതിലേക്കു ഒരു പ്രത്യേകം കണക്കു വെച്ചിരിക്കണം. സാധാരണ കണക്കായാൽ പോരാം. ട്ടു അക്കൌണ്ടന്റതന്നെയായിരിക്കണം. അങ്ങനെയുള്ള കണക്കുകൾ വെക്കുന്നതിനുള്ള വിഷമങ്ങൾ ഈ വ്യവസായികൾക്ക് എത്രമാത്രം ഉണ്ടെന്നുള്ളതു് നാം ആലോചിക്കണം. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അധികംപേരും വിദ്യാഭ്യാസമുള്ളവരല്ല. അവരുടെ ദിനചര്യ കഴിഞ്ഞുപോകുന്നതിനു പ്രായമായവർ മാത്രമല്ല കുഞ്ഞുങ്ങൾകൂടി വേലചെയ്യണമെന്നുള്ള അവസ്ഥ അവർക്കു വന്നിട്ടുള്ളതാണ്. ആ കുഞ്ഞുങ്ങളെ വിദ്യാഭ്യാസത്തിനു അയക്കുന്നതിനുപോലും നിവൃത്തിയില്ലാതെ അവരുടെ നിത്യവൃത്തി കഴിക്കുന്നതിനുവേണ്ടി ആ കുഞ്ഞുങ്ങളെക്കൊണ്ടും വേല ചെയ്യിക്കുകയാണ ചെയ്യുന്നതു്. ഇങ്ങനെയുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഒന്നോ രണ്ടോ വണ്ടി തൊണ്ട് അടിച്ച് അതിന്റെ കണക്കു സൂക്ഷിക്കുവാൻ സാദ്ധ്യമല്ല. അഥവാ കണക്കു വയ്ക്കുകയാണെങ്കിൽ ഇപ്പോഴത്തെ നിലയനുസരിച്ച് ഒരു പത്തോ അൻപതോ രൂപ കൊടുത്താൽ മാത്രമേ സാധിക്കുകയുള്ളു. ഈ ചുമതല വഹിച്ചുകൊണ്ടു പോകുവാൻ അവരുടെ സാമ്പത്തികസ്ഥിതി അവരെ അനുവദിക്കുകയില്ല. ഈ കാര്യത്തെക്കുറിച്ച് ഉള്ള ഗവണ്മെണ്ടിന്റെ മറ്റൊരു പബ്ളിക്കേഷനിൽ ഇങ്ങനെ പറയുന്നു.

"It is calculated that at least six lakhs of men and women are actually employed in Coir Industry which is the means of living of a very large section of the people inhabiting the long coastal area of the State. But the actual worker, who is the primary producer, does not get the benefit he deserves due to the policy of the large number of middle men and firms who make enormous profits out of this commodity."

സർ, ഈ തൊഴിലിൽ ഏർപ്പെടുന്നതു് ജീവിക്കാൻ മറ്റു മാർഗ്ഗമൊ ഇല്ലാത്തതുകൊണ്ടാണ്. കാലത്തു ഏഴു മണി മുതൽ വൈകീട്ടു നു മണിവരെ കുഞ്ഞുകുട്ടികളും സഹിതം വേല എടുത്താലും ഒരു കുട്ടിക്ക് നാലോ അഞ്ചോ ചക്രവും ഒരു സ്ത്രീക്ക് പന്ത്രണ്ടോ പതിനാലോ ചക്രവും തൊണ്ട് കിട്ടുന്നതു്. ഇതുകൊണ്ടു ഒരു കുടുംബം ഏതുവിധത്തിലും കഴിഞ്ഞുകൂടുവാൻ സാധിക്കുകയില്ലെന്ന് പറയേണ്ട ആവശ്യമില്ലല്ലൊ. അങ്ങനെയിരിക്കെ അവർ എങ്ങനെയാണ് ഒരു കണക്കുണ്ടാക്കി സൂക്ഷിക്കുന്നതു്. കണക്ക് വച്ചില്ലെങ്കിൽ ആയിരം രൂപാവരെ ഈ സെയിൽസ് ടാക്സ് ആക്ടനുസരിച്ച് പിഴയിടാം. ഞാൻ പറയുന്നതു് ഇന്നത്തെ നയം അതായതു് ഈ കടിൽ വ്യവസായികൾക്ക് സഹിച്ചുകൊണ്ടുപോ

LIBRARY ARCHIVES Kerala Legislative Assembly

(Sri. P. Nanoo)

കവാൻ നിവൃത്തിയില്ലാത്തതരത്തിലുള്ള ഈ നയം മാറണമെന്നാണ്. ഇതു് ഗവമ്മെണ്ടിന്റെ പ്രഖ്യാപനത്തിനു വിരുദ്ധവുമാണ്. ഗവമ്മെണ്ടു് ഒരു നയമെടുത്താൽ ആ നയത്തിനു ഭംഗം വരാതെ പരസ്പരവിരുദ്ധം അല്ലാത്ത രീതിയിൽ കൊണ്ടുപോകേണ്ട ചുമതല ഗവമ്മെണ്ടിനു ഉണ്ടു്. സെയിൽസ് ടാക്സ് മൂലം കയർ ഉല്പാദകരെ സംബന്ധിച്ചിടത്തോളം ഗവമ്മെണ്ടിന്റെ നയപ്രഖ്യാപനത്തിനും ഗവമ്മെണ്ടിന്റെ പ്രവർത്തിയ്ക്കും തമ്മിൽ പൊരുത്തമില്ലെന്നാണ് എനിക്കു പറയുവാനുള്ളതു് അങ്ങനെ അതിനു് പൊരുത്തമുണ്ടെന്നു് ഈ സഭയെ ബോദ്ധ്യപ്പെടുത്തുവാൻ ബഹുമാനപ്പെട്ട മന്ത്രിക്കു സാധിക്കുമെന്നും തോന്നുന്നില്ല. അതുകൊണ്ടു് ഞാൻ പറയുന്നതു് ഈ സെയിൽസ് ടാക്സ് നിയമത്തിന്റെ വ്യാപ്തിയിൽനിന്നും കുടിൽവ്യവസായികളെ ഒഴിവാക്കേണ്ടതു് ഗവമ്മെണ്ടിന്റെ ചുമതലയാണു്. ഗവമ്മെണ്ടിന്റെ നയത്തിനും ഈ ഉപദ്രവങ്ങൾക്കും തമ്മിൽ പൊരുത്തമില്ല. ഇതു ഒരുപക്ഷെ ബഹു. മന്ത്രി സമ്മതിക്കുകയില്ല. ഒരു സംഗതി പക്ഷെ അദ്ദേഹം പറഞ്ഞെയ്ക്കും. ഈ വ്യവസായത്തിൽ നിന്നും ലക്ഷക്കണക്കിലുള്ള ഒരു സംഖ്യ ഗവമ്മെണ്ടിനു ലഭിക്കുന്നുണ്ടു്. എന്റെ നിശ്ചയം പാസാക്കിയാൽ ഒരു വത്സരച്ചുതക ഗവമ്മെണ്ടിനു നഷ്ടപ്പെടുമെന്നു അദ്ദേഹം പറഞ്ഞെയ്ക്കാം. എനിക്കു മുന്നു പറയുവാനുള്ളതു് ഗവമ്മെണ്ടിനു് പണം ഉണ്ടാകേണ്ടതു് ആവശ്യമാണു്. ഒരു വശത്തുകൂടി പ്രോൽസാഹനവും മറുവശത്തുകൂടി ഉപദ്രവവും ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സഹിക്കാവുന്നതല്ല. പണം നഷ്ടപ്പെടുന്നു എന്ന കാരണം പറഞ്ഞു് പ്രഖ്യാപിതനയത്തിനു് വിരുദ്ധമായി പ്രവർത്തിക്കാൻ പാടില്ല. പ്രവർത്തിച്ചേ മതിയാവൂ എന്നാണെങ്കിൽ വിഷമമില്ല. ഈ ആക്ടു് നടപ്പിൽ വന്നിട്ടു് ഏകദേശം ഒരുകൊല്ലമായി. അതിനിടയ്ക്കു് ഉൽപ്പാദകരിൽനിന്നും ഈ കയർ സാമാനങ്ങൾ വാങ്ങിക്കുന്നവരിൽനിന്നും കിട്ടുന്ന സംഖ്യയുടെ ഒരു കണക്കു് എടുക്കുവാൻ കഴിയും. ഈ നിശ്ചയം പാസാക്കിയാൽ ഗവമ്മെണ്ടിനു് വരുന്ന നഷ്ടം ഇതാണു്. ഇന്നും കയറിനു് രണ്ടു പോയിൻറാണു് റേറ്റ് വെച്ചിരിക്കുന്നതു്. ഉല്പാദകരിൽനിന്നും ഒരു പായിൻറും മറെറാരു പായിൻറു് ഉപഭോക്താക്കളും കൊടുക്കത്തക്കവണ്ണം ഗവമ്മെണ്ടു നിയമം ഭേദപ്പെടുത്തുകയാണെങ്കിൽ ഈ നഷ്ടം നികത്താവുന്നതാണു്. ഇനിയും ഒരു സംഗതികൂടി അദ്ദേഹം പറഞ്ഞെയ്ക്കാം. അതായതു് കയർ വ്യവസായത്തെപോലെയുള്ള പലപലകുടിൽ വ്യവസായങ്ങളും ഇവിടെയുണ്ടു്. ഈമാതിരിയുള്ള നിവേദനങ്ങൾ അവരും സമർപ്പിക്കുന്നതാണു്. അങ്ങനെയാണെങ്കിൽ ഗവമ്മെണ്ടിനു് വളരെ വലിയ ഒരു സംഖ്യ ഈ ഇനത്തിൽ നഷ്ടപ്പെടുന്നതാണെന്നു്. എനിക്കു പറയുവാനുള്ളതു് ഈ രാജ്യത്തിൽ കയർ വ്യവസായത്തെപ്പോലെ അനേകം ലക്ഷം ജനങ്ങൾ ഉപജീവിച്ചുവരുന്ന മറെറാരു കുടിൽവ്യവസായം ഇവിടെ ഇല്ലെന്നുള്ളതാണു്. മറെറ കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട ആവശ്യമില്ലെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ ഇതു് ഞാൻ ആദ്യം പറഞ്ഞതുപോലെ ഒരു ലക്ഷം കുടുംബങ്ങളെയെങ്കിലും ബാധിക്കുന്ന ഒരു സംഗതിയാണെന്നുള്ളതു് ആലോചിച്ചു് അതിനു ഒരു പരിഹാരം ഉണ്ടാകേണ്ടതു ഗവമ്മെണ്ടിന്റെ ചുമതലയാണു്. ഇതിനു് മറെറാന്നും നോക്കാനില്ല. പുതിയ നിയമങ്ങൾതന്നെ വേണമെന്നില്ല.

ഈ ആക്ടിൽതന്നെ പറയുന്നുണ്ടു് ഗവമ്മെണ്ടിനു വേണമെങ്കിൽ ഈ ആക്ടിന്റെ വ്യാപ്തിയിൽനിന്നും ഏതെങ്കിലും വ്യവസായത്തെ ഒഴിവാക്കാമെന്നു്. ഈ ഉല്പാദകരെ സംബന്ധിച്ചിടത്തോളം ഒഴിവാക്കാമെന്നുള്ള നിലയാണു് ഉള്ളതു്. അതിനാൽ ഗവമ്മെണ്ടു് എന്റെ ഈ നിശ്ചയം സ്വീകരിച്ചു് ഈ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികളെ പ്രോത്സാഹിപ്പിക്കണമെന്നുള്ള ഗവണ്മെന്റിന്റെ പ്രഖ്യാപിത നയത്തിനു വിരുദ്ധമായി പ്രവർത്തിക്കാതെ അവർക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് എന്റെ ഈ നിശ്ചയം സഭയുടെ അംഗീകാരത്തിനുവേണ്ടി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. രാമൻ: സർ, ശ്രീ. പി. നാണു അവർകൾ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങികൊണ്ടു് ഈ സഭയുടെ ശ്രദ്ധക്കു് ഒന്നു രണ്ടു സംഗതികൾ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ ഈ ആകട്ടെ നിലവിൽ വന്നപ്പോൾ കച്ചവടക്കാർ ഒരു വിരസമായ രീതിയിലാണു് ഇതു് സ്വീകരിച്ചതു്. ഗവണ്മെന്റിനു് ഈ രാജ്യത്തെ പല ആദായമാർഗ്ഗങ്ങളും ഇല്ലാതെവന്നപ്പോൾ ഗവണ്മെന്റിനു് ആ നഷ്ടം പരിഹരിക്കാൻവേണ്ടി അതിന്റെ സ്ഥാനത്തു് ചില നികുതികളും ചില നിയമങ്ങളും നടപ്പിലാക്കേണ്ടിവന്നു. അങ്ങനെയാണു് ഈ ടാക്സ് കൊണ്ടുവരുവാനിടയായിട്ടുള്ളതു്; എന്നാൽ ഞാനും സമ്മതിക്കുന്നു. ഇവിടെ കയർ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് അവരുടെ കഷ്ടാവസ്ഥയിൽനിന്നും അവരെ രക്ഷിക്കുന്നതിനു ഗവണ്മെന്റു് പല നല്ല കാര്യങ്ങളും വാഗ്ദാനങ്ങളും ചെയ്തുകൊണ്ടു് ചില പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുകയാണു്. ആ പ്രവർത്തനങ്ങൾക്കു് സൽഫലങ്ങൾ ഉളവാക്കുന്നതാണെന്നും ജനങ്ങൾ പ്രത്യാശിക്കുന്നു. ഈ വ്യവസായത്തിൽ ഉൾപ്പെട്ടു ജീവിക്കുന്ന ആളുകളുടെ സ്ഥിതി വളരെ ദയനീയമാണെന്നു ഗവണ്മെൻറിന്റെ പരിപാടികൾകൊണ്ടു് ഗവണ്മെന്റുതന്നെ സമ്മതിക്കുന്നതായിട്ടുവേണം വിചാരിക്കുവാൻ. വ്യാപാര സാധനങ്ങൾക്കു സെയിൽസ്ടാക്സ് ചുമത്തുന്നതു് മിക്കവാറും സുഖസൗകര്യങ്ങൾക്കുവേണ്ടിയുള്ള സാധനങ്ങൾക്കായിരിക്കണമെന്നുള്ളതു് ഒരു പ്രധാനതത്വമായി ഗവണ്മെന്റു് സ്വീകരിക്കേണ്ടതാണു്. അങ്ങനെയാണെങ്കിൽ ഗവണ്മെന്റിനു് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ലാഭം കിട്ടുന്നതിനു് ഒരു വലിയ നികുതി ഈ സാധനങ്ങൾക്കു് ചുമത്തേണ്ടിവരുന്നതാണു്. അതു് അസ്വാഭാവികമായി തോന്നാവുന്നതാണു്. അതുകൊണ്ടു് ഈ സാധനങ്ങൾക്കുകൂടി ഈ നികുതി ചുമത്തേണ്ടതു് ഗവണ്മെന്റിന്റെ ആവശ്യമായിത്തീർന്നിരിക്കുകയാണു്. ഇതിനെക്കുറിച്ചു് ഒരു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാണു് എന്റെ ഉദ്ദേശം. കയർ പിരിക്കുന്നവർ ഏറ്റവും സാധുക്കളാണു്. തൊണ്ടു് അടിക്കുക അതു് കടവിൽ കൊണ്ടു് എത്തിച്ചുകൊടുക്കുക മുതലായവയാണു് അവരുടെ പ്രധാനമായ ജോലി.

കയർ ഒരു കുടിൽവ്യവസായമായതുകൊണ്ടു് അതിൽ ഏർപ്പെട്ട ജീവിക്കുന്ന ആളുകളുടെ, കൂലി ഇന്നതായിരിക്കണമെന്നു് നിശ്ചയിക്കാൻ ഒരു സമൂഹമായിട്ട കച്ചവടക്കാരോടൊ അല്ലെങ്കിൽ തൊണ്ടുടമസ്ഥന്മാരോടോ വില പേശുവാനുള്ള സൗകര്യം അവർക്കില്ല. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെല്ലാം അസംഘടിതരാണു്. അസംഘടിതരായ തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ഒരു വ്യാപാരബന്ധമാണു് ഇന്നു് ഈ കാര്യത്തിൽ നിലനിന്നു പോരുന്നതു്. ഇത്തരം വ്യാപാരത്തിൽ തൊഴിലാളികൾക്കു് അവരുടെ പ്രയത്നത്തിനു തക്കകൂലി കിട്ടാതിരിക്കുന്ന ഒരു അനിശ്ചിതാവസ്ഥയാണുള്ളതു്. അതിനു് ഗവണ്മെന്റുവേണ്ടതു ചെയ്യാൻ ആലോചിക്കുന്നുണ്ടു്. കുടിൽവ്യവസായസാധനങ്ങൾക്കു് നികുതി ചുമത്തുന്നതിനെ മിക്കവാറും ന്യായീകരിക്കുവാൻ സാധ്യമല്ല. ആ തൊഴുവശ്യത്തെ നോക്കിയാൽ കുടിൽ വ്യവസായസാധനമായ കയറിനു് നികുതി ചുമത്തുന്നതു ന്യായീകരിക്കത്തക്കതല്ല. എന്നാൽ ഇതിനു മുമ്പു് ഒരു പാരമ്പര്യം ഈ നാട്ടിൽ നിലനിന്നിരുന്നു. കയറിനു് ഒരു തീരുവ ഉണ്ടായിരുന്നു. ഈ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. K. Raman]

പ്പോൾ അതില്ല. കയറിനു് ഒരു പോയിൻറുമാത്രം സെയിൽസ്ടാക്സ് ആക്കേണ്ടതു തന്മൂലം ന്യായമായിരിക്കും എന്നാണു് എൻെറ അഭിപ്രായം. അതിനു ചില പ്രായോഗിക വൈഷമ്യങ്ങളും ഉണ്ടെന്നു് ഞാനംഗീകരിക്കുന്നു. അതിനെ പരിഹരിക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങളും ഉണ്ടെങ്കിൽ അതായിരിക്കും നല്ലമാർഗ്ഗം. ഈ സാധനങ്ങളും അധികവും വിദേശങ്ങളിലാണു് ചെലവാകുന്നതു്. വിദേശങ്ങളിലുള്ള കച്ചവടക്കാരാണു് ഇവിടെയുള്ളവരിൽനിന്നും ഈ സാധനങ്ങളും വാങ്ങുന്നതു്. വിദേശങ്ങളിലുള്ള കച്ചവടക്കാർക്കു് വില കോട്ടചെയ്യുമ്പോൾ സെയിൽസ്ടാക്സ് കൂടി ഗവൺമെണ്ടിനു കൊടുക്കണമെന്നും അതു കൊടുത്താൽ മാത്രമേ വിദേശങ്ങളിലേക്കു് അയക്കാൻ സാധിക്കുകയുള്ളുയെന്നും വയ്ക്കുന്നതു് ക്ലേശമില്ലാത്ത കാര്യമാണു്. അപ്പോൾ അതുകൂടി കണക്കാക്കി അവർ വിലകോട്ട ചെയ്തുകൊള്ളും.

ഇതിൽ ഗവൺമെൻറിനു് എന്തെങ്കിലും പ്രായോഗികവൈഷമ്യങ്ങളുണ്ടെങ്കിൽ അതു പരിഹരിക്കാനുള്ള ഉപാധികളും കണ്ടുപിടിച്ചു് ആ നിലയിൽ സെയിൽസ്ടാക്സ് ഈടാക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മറവകാര്യങ്ങളിലും സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു് അവർ കൂടണമെന്നോ കുടണമെന്നോയുള്ള പ്രശ്നം ഇവിടെ ആവിർഭവിക്കുന്നില്ല. പുറത്തോട്ടു അയക്കുന്ന സാധനങ്ങളുടെ സൂക്ഷ്മമായ കണക്കു് അറിയുന്നതു് കസ്റ്റംസ് ഇല്ലാത്തപ്പോൾ ഒരു പ്രശ്നമാണെന്നറിയാം. അതിനു ഒരു പരിഹാരം കണ്ടുപിടിക്കാൻ സാധിക്കുമോ എന്നുള്ളതു ഗവൺമെണ്ടിൻെറ മറുപടിയിൽനിന്നും അറിയാമെന്നാണു് എൻെറ ജിജ്ഞാസ. ഒരു പോയിൻറിൽ ടാക്സ് ആക്കുന്നതിൽ പ്രായോഗിക വൈഷമ്യങ്ങളില്ലെങ്കിൽ അതായിരിക്കും സൗകര്യമെന്നുള്ളകാര്യം ഞാൻ ഗവൺമെൻറിനെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. ജെ. ജോൺ: കയർ പിരിക്കയും പിരിപ്പിക്കയും ചെയ്യുന്ന ആളുകളെ സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കണമെന്നാണു് ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. സാധാരണ ഫ0,000 രൂപായിൽ കൂടുതൽ ഒരു കൊല്ലത്തിൽ ടേൺഓവർ ഉള്ളവർ മാത്രം സെയിൽസ്ടാക്സു് കൊടുത്താൽ മതിയാകുന്നതാണു്. അതായതു് ഏകദേശം ഒരു മാസത്തിൽ ആയിരം രൂപായുടെ കയർ പിരിക്കയോ പിരിപ്പിക്കയോ ചെയ്യാൽ മാത്രമേ സെയിൽസ്ടാക്സ് കൊടുക്കണമെന്ന ആവശ്യപ്പെടുകയുള്ളു. ഇതിൽ ഉൾകൊള്ളുന്നതു് വെറും കുടിൽവ്യവസായത്തെക്കാൾ അല്പംകൂടി മികച്ചനിലയിൽ നില്ക്കുന്ന വ്യവസായങ്ങളായിരിക്കുമെന്നാണു് എനിക്കു് തോന്നുന്നതു്. ഈ വ്യവസായത്തിൽ ഒരു ലക്ഷം കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നു ശ്രീ. നാണു പറയുകയുണ്ടായി. അതു് ഒരു വേള ശരിയായിരിക്കും. എന്നാൽ ആ ഒരു ലക്ഷം കുടുംബങ്ങളും സെയിൽസ്ടാക്സ് കൊടുക്കുന്നുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. പതിനായിരമോ അതിൽ കൂടുതലോ രൂപാ ടേൺഓവർ ഉള്ളതായ കുടുംബങ്ങളും മാത്രമേ സെയിൽസ്ടാക്സ് കൊടുക്കേണ്ടിവരുകയുള്ളു. അങ്ങിനെയുള്ള കുടുംബങ്ങളും എത്രവരുമെന്നുള്ള ഒരു സെൻസസ് ഇതുവരെ എടുത്തിട്ടില്ല.

ശ്രീ. പി. നാണു: പതിനായിരം കുടുംബങ്ങളും സെയിൽസ്ടാക്സ് കൊടുക്കുകയോ പിരിക്കുകയോ ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജോൺ: കൊടുക്കാത്തതു പിരിക്കും. കൊടുക്കണമെന്നാണു് രൂപം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: അപ്പോൾ അതിന്റെ വില കൊടുക്കുന്ന സംഖ്യയ്ക്ക് ടാക്സ് പിരിച്ച് ഗവണ്മെന്റിലേക്ക് അടക്കുകയല്ലേ വേണ്ടത്.

ശ്രീ. എ. ജെ. ജോൺ: അതെ. ശ്രീ. നാണുമറ്റൊന്നു ഇവിടെ പ്രസ്താവിച്ചതു് ശരിയായും സത്യമായുമുള്ള കണക്കു സൂക്ഷിക്കണമെന്നു് സെയിൽടാക്സ് ആക്ടിൽ പറഞ്ഞിട്ടുണ്ടെന്നും അതു് വളരെ പ്രയാസമുള്ള സംഗതിയാണെന്നുമാണു്. അതിനു് കാരണമായി പറഞ്ഞതു സാധാരണ ഈ വ്യവസായത്തിൽഏർപ്പെട്ടിരിക്കുന്ന ആളുകൾ എഴുത്തു അറിയാവുന്നവരല്ലെന്നാണു്. മിക്കവാറും കുടുംബങ്ങളിൽ ഒന്നോ രണ്ടോ പേരെങ്കിലും കണക്കു് എഴുതുന്നതിനു് പ്രാണിയുള്ളവർ കാണുമെന്നാണു് എനിക്കു് അതിനു സമാധാനം പറയുവാനുള്ളതു്. ശ്രീ. നാണുവിന്റെ അഭിപ്രായം കാട്ടേജ് ഇൻഡസ്ട്രീകളെ എല്ലാംതന്നെ സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കണമെന്നാണു്. അതു് സാധിക്കുന്ന സംഗതിയാണെന്നു് എനിക്കു തോന്നുന്നില്ല. പിന്നീടു് രണ്ടു പായിൻറിൽ സെയിൽസ്ടാക്സ് ഉള്ളതു് ഒരു പായിൻറിലാക്കി റേറ കുട്ടുന്നതിൽ വിരോധമില്ലെന്നു പ്രസ്താവിച്ചതായിട്ടാണു് ഞാൻ കേട്ടതു്. അങ്ങനെ റേറ കുട്ടുന്നതിനു് ഗവണ്മെണ്ടിനു് ഇപ്പോൾ അധികാരമില്ലാതെയാണിരിയ്ക്കുന്നതു്. സെയിൽസ്ടാക്സ് ആക്ട് സെക്ഷൻ 11 അനുസരിച്ചു് എതെങ്കിലും സാധനങ്ങളെ ഒഴിവാക്കുന്നതിനും റേറ കുറയ്ക്കുന്നതിനും മാത്രമേ ഗവണ്മെൻറിനു് അവകാശമുള്ളു. ഇപ്പോൾ ഒരു പോയിൻറായി മാറുകയാണെങ്കിൽ ഈ നിയമം ഭേദഗതി ചെയ്യാതെ ഒരു പൈപോലും റേറ വർദ്ധിപ്പിക്കാൻ സാധിക്കുന്നതല്ല. ഈ ആക്ടു് പാസായശേഷം ഫസ്റ്റ് ഏപ്രിൽ ജൂൺ ഫസ്റ്റ്-ാംതീയതി ചില നോട്ടിഫിക്കേഷൻസ് പരസ്യം ചെയ്തിട്ടുണ്ടു്. അതിൽ കയർ വ്യവസായങ്ങൾക്കു് രണ്ടു പായിൻറുമാത്രമാണു് വച്ചിട്ടുള്ളതു്. ആക്ടപ്രകാരമാണെങ്കിൽ എത്ര പായിൻറു വേണമെങ്കിലും ആകാം. ഈ വ്യവസായികളെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അങ്ങിനെ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതു്. അതുപോലെതന്നെ മാറ്റ്സ് ആൻറ മാറ്റിംഗ്സ്നു് ഒരു പായിൻറിൽ മാത്രമെ സെയിൽസ്ടാക്സ് ചുമത്തുന്നുള്ളു.

ശ്രീ. പി. കെ. രാമൻ: സെയിൽസ്ടാക്സ് ഒരു പായിൻറിലാക്കി അന്യരാജ്യങ്ങളിൽ സാമാനങ്ങൾ കയറുമതി ചെയ്യുന്ന അവസരത്തിൽ ഈടാക്കണമെന്ന പ്രസ്താവിക്കുകയുണ്ടായി.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഒരു പായിൻറിലാക്കുകയും റേറ കുട്ടുകയും ചെയ്താൽ എത്ര വ്യത്യാസം വരുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്കു് ആവശ്യപ്പെട്ടിരിക്കുകയാണു്. കയ്യിൽ കിട്ടിയിട്ടില്ല. എങ്കിലും ഒരു എട്ടുപത്തു ലക്ഷം രൂപായുടെ വ്യത്യാസം വന്നേയ്ക്കുമെന്നാണു് തോന്നുന്നതു്. ഇതു് ശരിയായിരിക്കുമെന്നു ഞാൻ പറയുന്നില്ല. കയറുമതി ചെയ്യുന്ന അവസരത്തിൽ സെയിൽസ്ടാക്സ് ഈടാക്കുന്നതിനു് ചില പ്രായോഗിക വിഷമതകളും ഇപ്പോഴത്തെ കോൺസ്റ്റിറ്റ്യൂഷൻ പ്രകാരമുണ്ടു്. എങ്കിലും ഗവണ്മെൻറ് ചുമത്തുന്നതിനുതന്നെയാണു് ഉദ്ദേശിക്കുന്നതു്. എന്നാൽ അതിനെപ്പറ്റി തീർച്ചയായ ഒരു അഭിപ്രായം ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ നാണു പറഞ്ഞതുപോലെ ഇതു് അനേകം കുടുംബങ്ങളെ ബന്ധിയ്ക്കുന്ന ഒരു സംഗതിയായതുകൊണ്ടും ഈ സെയിൽസ്ടാക്സ് നിയമംതന്നെ ഒന്നു പുനഃപരിശോധനചെയ്യണമെന്നു് ഗവണ്മെണ്ടു് ഇപ്പോൾ ഉദ്ദേശിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

കൊണ്ടും ഇതിനെപ്പറ്റി ഗവമ്മെണ്ടു് വളരെ കാര്യമായി ആലോചിക്കുന്നതാണെന്നും വലിയ നഷ്ടം വരാത്ത ഒരു സംഗതിയാണെങ്കിൽ അതിനെപ്പറ്റി വളരെ അനുകൂലമായവിധത്തിൽതന്നെ ആലോചിക്കുന്നതാണെന്നും മാത്രമേ എനിക്കു് ഇപ്പോൾ പ്രസ്താവിക്കാനുള്ളു. ശ്രീ. നാണു ഈ പ്രമേയം പിൻവലിയ്ക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. നാണു: രണ്ടു പായിൻറിൽ നികുതി ചുമത്തണമെന്നുള്ള നോട്ടിഫിക്കേഷൻ കാൻസൽ ചെയ്യാൻ ഗവമ്മെണ്ടിനു് അധികാരമില്ലേ?

ശ്രീ. എ. ജെ ജോൺ: അധികാരമുണ്ടു്. പക്ഷെ നികുതികുട്ടാൻ അധികാരമില്ല. കുറയ്ക്കാനേധികാരമുള്ളു. ഒരു പായിൻറാക്കി നു പൈസയെന്നുള്ളതു് നു പൈസയെന്നാക്കാൻ സാധ്യമല്ലെന്നാണു് പറയുന്നതു്. അങ്ങിനെ വേണമെങ്കിൽ സെക്ഷൻ നു ഭേഗതിചെയ്യണം. സെയിൽസ്ടാക്സ് ആക്ടിൽ വേറെയും ചില സംഗതികൾ ഭേഗതി ചെയ്യണമെന്നു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടു്. ഇതെല്ലാം നിയമം ഭേഗതി ചെയ്യുമ്പോൾ ആലോചിക്കാമെന്നു മാത്രമേ തൽക്കാലം പറയുവാനുള്ളു.

ശ്രീ. പി. നാണു: ഈ അടുത്തകാലത്തുതന്നെ നടത്താമോ?

ശ്രീ. എ. ജെ. ജോൺ: അടുത്തകാലത്തുതന്നെ നടത്താം.

ശ്രീ. പി. കെ. രാമൻ: എക്സ്പോർട്ടേഴ്സ് കോൺസ്റ്റിറ്റുഷനെ ആധാരമാക്കി ടാക്സ് തരാതിരിയ്ക്കുന്നു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജോൺ: ഗവമ്മെണ്ടിനു് കിട്ടിയിട്ടുള്ള വിദഗ്ധാഭിപ്രായമനുസരിച്ചു് എക്സ്പോർട്ട ചെയ്യുന്ന സാധനങ്ങൾക്കു് സെയിൽസ്ടാക്സ് ചുമത്താമെന്നു കാണുന്നുണ്ടു്. അതനുസരിച്ചു് സെയിൽടാക്സു് പിരിയ്ക്കാൻ ഓർഡർ കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. നാണു: ഗവമ്മെണ്ടിൽനിന്നും ഈ വിഷയത്തെ സംബന്ധിച്ചു് ആലോചിച്ചു് ഗവമ്മെണ്ടിനു് കഴിയുംവണ്ണം ഈ തൊഴിലാളികളെ സഹായിക്കത്തക്ക ഭേഗതികൾ നിയമത്തിൽ വരുത്താമെന്ന ബഹുമാനപ്പെട്ട മന്ത്രിഅവർകൾ പറയുന്നതുകൊണ്ടും അതു താമസിയാതെ നടപ്പിൽ വരുത്താമെന്ന ഉറപ്പു തരുന്നതുകൊണ്ടും എൻറെ പ്രമേയത്തെ പിൻവലിയ്ക്കുന്നതിനു സഭയുടെ അനുമതി ഞാൻ ആവശ്യപ്പെടുന്നു.

The resolution was, by leave, withdrawn

Resolution regarding Constitution of an Expert Committee to enquire into the condition of Backward Communities

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: "തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിൻറെ പിന്നോക്കസമുദായക്കാരുടെ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതികളെക്കുറിച്ചു് അന്വേഷിക്കുന്നതിനും ഒരു ചുരുങ്ങിയ കാലയളവിൽ അവരെ മറ്റു സമുദായങ്ങളോടൊപ്പം കൊണ്ടുവരുന്നതിനു പ്രായോഗികമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഒരു വിദഗ്ദ്ധകമ്മിറ്റിയെ രൂപീകരിക്കുന്നതിനു് ഈ അസംബ്ലി ഗവമ്മെണ്ടിനോടു ശുപാർശചെയ്യുന്നു."

സ്വതന്ത്രഭാരതത്തിൻറെ ഒരു അവിഭാജ്യഘടകമായ തിരുവിതാംകൂറിലെ പട്ടികസമുദായങ്ങളുടെ ഇന്നത്തെ നിലയെ സംബന്ധിച്ചിടത്തോളം എല്ലാവർ

LIBRARY ARCHIVES Kerala Legislative Assembly